# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ROC NO: 14994/2025/M-1

ദേവസ്വം കമ്മീഷണർ ഓഫീസ്
തിരുവനന്തപുരം
16/02/2026

## സർക്കുലർ

വിഷയം:- ചെലവ് കണക്ക് അനുവദിക്കുന്നത് സംബന്ധിച്ച്.

സൂചന:- 1. 18.10.2024-ലെ ROC 9501/2020/SAB നമ്പർ ബോർഡ് ഉത്തരവ്.

2. ഈ ഓഫീസിലെ 15.10.2025-ലെ ROC 14994/25/M-1 നമ്പർ സർക്കുലർ. (പകർപ്പ് ചേർക്കുന്നു).

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള മേജർ ക്ഷേത്രങ്ങൾ ഒഴികെയുള്ള എല്ലാ ദേവസ്വങ്ങളിലും ഉത്സവാദി കാര്യങ്ങൾക്ക് മുമ്പായി ദേവസ്വം ബോർഡ് നേരിട്ട് നടത്തേണ്ട കാര്യങ്ങളായ **പന്തൽ ഇടുക, കാട് വെട്ടുക, ഇലുമിനേഷൻ ലൈറ്റ് ഇടുക** എന്നിവ ചെലവ് കണക്ക് അടിസ്ഥാനത്തിൽ ചെയ്യുമ്പോൾ ചെലവ് കണക്ക് അനുവദിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനായി സ്വീകരിക്കേണ്ടുന്ന നടപടികൾ വ്യക്തമാക്കി **സൂചന (2)** ആയി ഈ ഓഫീസിൽ നിന്നും സർക്കുലർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നെങ്കിലും ടി സർക്കുലർ ഉത്തരവിലെ വ്യവസ്ഥകൾ കൃത്യമായി പാലിക്കാതെയുള്ള ചെലവ് കണക്ക് ബില്ലുകളാണ് വിവിധ ഓഫീസുകളിൽ നിന്നും അംഗീകാരത്തിനായി ലഭ്യമാകുന്നതെന്ന് കാണുന്നു. ഇത്തരത്തിൽ സർക്കുലർ വ്യവസ്ഥകൾ പാലിക്കാതെ ലഭിക്കുന്ന ചെലവ് കണക്കുകൾ ന്യൂനതകൾ പരിഹരിച്ച് അനുവാദം നല്കുന്നതിന് കാലതാമസം വരുന്നതായി ഈ ഓഫീസ് വിലയിരുത്തുന്നു.

മേൽ സാഹചര്യത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള മേജർ ക്ഷേത്രങ്ങൾ ഒഴികെയുള്ള എല്ലാ ദേവസ്വങ്ങളിലും ഉത്സവാദി കാര്യങ്ങൾക്ക് മുമ്പായി ദേവസ്വം ബോർഡ് നേരിട്ട്

നടത്തേണ്ട കാര്യങ്ങളായ പന്തൽ ഇടുക, കാട് വെട്ടുക, ഇലുമിനേഷൻ ലൈറ്റ് ഇടുക എന്നിവ സൂചന (2) സർക്കുലർ ഉത്തരവിലെ വ്യവസ്ഥകൾ കൃത്യമായി പാലിച്ച് നിർവഹിക്കേണ്ടതാണ്.

സർക്കുലർ ഉത്തരവിലെ വ്യവസ്ഥകൾക്ക് അനുസൃതമല്ലാതെ ലഭിക്കുന്ന ചെലവ് കണക്ക് ബില്ലുകൾ യാതൊരു കാരണവശാലും അനുവദിച്ച് നൽകുന്നതല്ലായെന്നുള്ള വിവരം ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥരെയും രേഖാമൂലം അറിയിക്കുന്നതിന് ഗ്രൂപ്പ് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാരെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

(ഒപ്പ്)
**ദേവസ്വം കമ്മീഷണർ**

**പകർപ്പ്**

1. **ഫൈനാൻസ് ആന്റ് അക്കൗണ്ട്സ് ഓഫീസർ-തിരുവിതാംകൂർ ദേവസ്വം ബോർഡ്**
2. **എല്ലാ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാർക്കും**
3. **എല്ലാ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർക്കും**
4. **ഐ.റ്റി.ഡിവിഷൻ, ദേവസ്വം കമ്മീഷണർ ഓഫീസ്**
5. **സെക്ഷൻ ഫയൽ**
6. **ഫെയർ ഓഫീസ് കോപ്പി**

Dy J

**ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ**
**(അഡ്മിനിസ്ട്രേഷൻ)**

RGR

**RA 17/01.**

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ROC NO 14994/25/M I

ദേവസ്വം കമ്മീഷണർ ആഫീസ്
തിരുവനന്തപുരം
15.10.2025

## സർക്കുലർ

വിഷയം: ചെലവ് കണക്ക് അനുവദിക്കുന്നത് സംബന്ധിച്ച്

സൂചന : 18.10.2024 ലെ ROC.9501/2020/ശബ നമ്പർ ബോർഡ് ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള മേജർ ക്ഷേത്രങ്ങൾ ഒഴികെയുള്ള എല്ലാ ദേവസ്വങ്ങളിലും ഉത്സവാദി കാര്യങ്ങൾക്ക് മുൻപായി ദേവസ്വം ബോർഡ് നേരിട്ട് നടത്തേണ്ട കാര്യങ്ങളായ പന്തൽ ഇടുക, കാട് വെട്ടുക, ഇലുമിനേഷൻ ലൈറ്റ് ഇടുക എന്നിവ ചെലവ് കണക്ക് അടിസ്ഥാനത്തിൽ ചെയ്യുമ്പോൾ ചെലവ് കണക്ക് അനുവദിക്കുന്നതിന്റെ കാലതാമസം ഒഴിവാക്കുന്നതിനായി ചുവടെ വിവരിക്കുന്ന കാര്യങ്ങൾ കൂടി പരിശോധിച്ച് തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

1. ദേവസ്വത്തിൽ ഉപദേശകസമിതി നിലവിലുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്.
2. വർക്കിന്റെ അടിയന്തിര പ്രാധാന്യം ഉൾപ്പെടുത്തി മുൻകൂർ അനുവാദം വാങ്ങേണ്ടതാണ്.
3. അനുവാദം ലഭിച്ചതിന് ശേഷം മൂന്നിൽ കുറയാത്ത ക്വട്ടേഷനുകൾ ക്ഷണിച്ച് കുറഞ്ഞ തുകയ്ക്കുള്ള ക്വട്ടേഷനിന്മേൽ നെഗോസിയേഷൻ നടത്തി ആയത് അംഗീകാരത്തിന് അയക്കുക.
4. ചെലവ് കണക്ക് അനുവാദത്തിന് അയക്കുമ്പോൾ അനുവാദ ഉത്തരവ്, ക്വട്ടേഷൻ അംഗീകാരം എന്നിവ കൂടി ചേർത്ത് അയക്കുക.
5. 25,000/- രൂപ വരെയുള്ള ചെലവ് കണക്കുകൾ 18.10.2024 ലെ ROC.9501/2020/ശബ നമ്പർ ബോർഡ് ഉത്തരവിൻ പ്രകാരം ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർക്ക് അനുവദിക്കാവുന്നതും, അതിന് മുകളിൽ ഉള്ളത് ഡെപ്യൂട്ടി ദേവസ്വം കമ്മീഷണറുടെ അഭിപ്രായ സഹിതം ഈ ആഫീസിലേക്ക് അയക്കേണ്ടതുമാണ്

വിശ്വസ്തതയോടെ
(ഒപ്പ്)
**ദേവസ്വം കമ്മീഷണർ**

**അംഗീകാരത്തോടെ**

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ
(അഡ്മിനിസ്ട്രേഷൻ)

പകർപ്പ്:

1.ബന്ധപ്പെട്ട എല്ലാ ആഫീസ്/ഡിപ്പാർട്ട്മെന്റ് മേധാവികൾക്കും

2.ഐ.റ്റി.സെക്ഷൻ